

ഡെൽനെറ്റ് റിസോഴ്സുകളെപ്പറ്റി അമൃതപുരി കാമ്പസിൽ നടന്ന സെമിനാർ ഡോ.കെ.ശങ്കരൻ ഉദ്ഘാടനം ചെയ്യുന്നു

# അമൃതപുരിയിൽ സെമിനാർ

കൊല്ലം: അമൃതവിശ്വവിദ്യാപീഠം യൂണിവേഴ്സിറ്റി, അമൃതപുരി കാമ്പസിൻെറയും ഡെൽ‌നെറ്റിൻെറയും നേതൃത്വത്തിൽ ഡെൽ-നെറ്റ് റിസോഴ്സുകളെക്കുറിച്ച് സെമിനാർ നടന്നു. പ്രിൻസിപ്പൽ ഡോ.കെ.ശങ്കരൻ ഉദ്ഘാടനം ചെയ്തു. സെൻട്രൽ ലൈബ്രറി ഹെഡ് എം.പ്രസാദ് സ്വാഗതം പറഞ്ഞു. ബ്രഹ്മചാരി ഡോ.ശങ്കരചൈതന്യസ്വാമി മുഖ്യപ്രഭാഷണം നടത്തി. ഡെൽനെറ്റ് ഡയറക്ടർ ഡോ.എച്ച്.കെ.കൗറം ലൈബ്രറി നെറ്റ്‌വർക്കുകളെക്കുറിച്ച് പ്രബന്ധം അവതരിപ്പിച്ചു. നെറ്റ്‌വർക്ക് മാനേജർ ഡോ. സംഗീത, 'കോഹ' സോഫ്റ്റ്‌വെയറിനെക്കുറിച്ച് വിശദീകരിച്ചു. കേരളത്തിലെ വിവിധ കോളേജുകളിൽനിന്നായി നൂറോളം ലൈബ്രേറിയന്മാരും പ്രൊഫഷണലുകളും സെമിനാറിൽ പങ്കെടുത്തു. 'കോഹ' ഫ്രീ സോഫ്റ്റ്‌വെയർ, സർട്ടിഫിക്കറ്റ് എന്നിവ സെമിനാറിനോടനുബന്ധിച്ച് വിതരണം ചെയ്തു. ഡെൽ-നെറ്റ് കൺസൾട്ടൻറ് ഓംകാർ നന്ദി പറഞ്ഞു.